നം. ഇ.എസ് 2-40318/2017/ആവഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 23.12.2017

# നോട്ടീസ്

വിഷയം:- ആവഡ – സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ പുന:ക്രമീകരിച്ച് നൽകുന്നതിനായി ശ്രീമതി. സന്ധ്യാമോൾ. ഒ.കെ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1) എറണാകുളം ജില്ലാ മെഡിക്കൽ ആഫീസറുടെ 10.01.2017 ലെ എ2-21948/16 നമ്പർ കത്ത്.
2) ജി.ഒ(എം:എസ്) നം.346/95/ആകുവ തീയതി 04.07.1995
3) നം. എ2-13983/96 തീയതി 19.09.96 ലെ പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ ഉത്തരവ്
4) 02.02.2007 ലെ ഇ.എസ്2-151198/05 നമ്പർ ഉത്തരവ്
5) 02.08.2002 ലെ എ2-16380/2001/ജി.മെ.ആ എറണാകുളത്തിന്റെ ഉത്തരവ്

സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ചേർത്ത റാങ്ക് നമ്പർ പുന:ക്രമീകരിച്ച് നൽകണമെന്ന ശ്രീമതി. സന്ധ്യാമോൾ. ഒ.കെ യുടെ അപേക്ഷ സൂചന 1 പ്രകാരം അയച്ചു തന്നിരിക്കുന്നു.

ശ്രീമതി. സന്ധ്യാമോൾ. ഒ.കെ സൂചന 2 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും സൂചന 3 പ്രകാരമുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെ നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ലാർക്കായി 25.09.1996 ൽ സർവ്വീസിൽ പ്രവേശിച്ചു. തുടർന്ന് സൂചന 4 പ്രകാരമുള്ള ക്ലാർക്കുമാരുടെ 01.01.1994 മുതൽ 31.03.1997 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ 260-ാം നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു.

കെ.എസ് & എസ്.എസ്.ആർ ചട്ടം 13 (A) (1) a, 13 A (2) പ്രകാരവും സർക്കാരിന്റെ സർക്കുലർ നം. 8130/Adv (3)/2010/P&ARD തീയതി 24.02.2012 പ്രകാരവും പരിവീക്ഷാകാലം പൂർത്തീകരിച്ച പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരെ പ്രമോഷന വേണ്ടിയുള്ള ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിൽ നിന്നും താത്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. എം.ഒ.പി പരീക്ഷ 12/2000-ൽ പാസ്സാവുകയും 20.01.2001 ൽ പരിവീക്ഷാകാലം പൂർത്തീകരിക്കുകയും ചെയ്ത ശ്രീമതി. സന്ധ്യാമോൾ മേൽ സൂചിപ്പിച്ച ചട്ടങ്ങൾ അനുസരിച്ച് സീനിയർ ക്ലാർക്കായുള്ള പ്രമോഷന് അർഹതയുള്ളയാളാണ്. അതിനാൽ സീനിയോറിറ്റി ക്രമമനുസരിച്ച് ടിയാന്റെ ഊഴമെത്തിയ സമയത്ത് പ്രമോഷൻ നൽകേണ്ടതായിരുന്നു.

ടിയാനെ 07/2007 ൽ വകുപ്പ് തല പരീക്ഷകൾ പാസ്സായതിന്റെ അടിസ്ഥാനത്തിൽ 01.06.2008 തീയതി കണക്കാക്കി സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും 17.06.2000 മുതൽ 31.12.2012 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 602-ാം റാങ്ക് നമ്പർ നൽകുകയുമാണ് ചെയ്തത്.

ഈ സാഹചര്യത്തിൽ ശ്രീമതി. സന്ധ്യാമോൾ. ഒ.കെ ജോലിയിൽ പ്രവേശിച്ച തീയതി പരിവീക്ഷാകാലം പൂർത്തിയാക്കിയ തീയതി വകുപ്പ് തല പരീക്ഷകളിൽ നിന്നും താത്കാലികമായി ഒഴിവാക്കിയ വ്യവസ്ഥ, 01.01.1994 മുതൽ 31.03.1997 വരെയുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ടിയാന്റെ സ്ഥാനം എന്നിവ പരിഗണിച്ച് സീനിയർ ക്ലാർക്കുമാരുടെ 17.06.2000 മുതൽ 31.08.2012 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ ടിയാന്റെ റാങ്ക് നമ്പർ 390 A ആയി ഉൾപ്പെടുത്തി പുന:ക്രമീകരിക്കുവാനും പ്രസ്തുത ലിസ്റ്റിൽ ടിയാന് നൽകിയിരുന്ന 602-ാം റാങ്ക് നമ്പർ ഒഴിവാക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

| നം. | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പ്തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി | എൽ.ഡി.സി തസ്തികയിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലെ റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ അനുവദിച്ച റാങ്ക് നം. | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | ഇ.ജെ. വർഗ്ഗീസ് | 18.05.69 | 24.09.96 | MOP 6/2000<br>AT(L) 01/2006 | 259<br>94/97 | 390 | 390 | 15.06.06 | |
| 2 | സന്ധ്യാമോൾ.ഒ.കെ | 09.10.74 | 25.09.96 | MOP 12/2000<br>AT(L) 07/2007 | 260<br>94/97 | 602 | 390 A | 15.06.06 | Test exemption |
| 3 | സാബിൻകുമാർ. വൈ.ജെ | 29.05.76 | 19.09.96 | MOP 12/1997<br>AT(L) 01/2005 | 262<br>94/97 | 391 | 391 | 15.06.06 | |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്/-
സി.എം. അജയമോഹൻ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2) ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4) ഇ.ഡി സെക്ഷൻ
5) ഫയൽ/സ്റ്റോക്ക് ഫയൽ

// ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്